നമ്പർ. സി3/616/റ്റി.സി/2011

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്, തൈക്കാട് പി.ഒ, വഴുതക്കാട്
തിരുവനന്തപുരം.- 14
ഫോൺ: 0471-2333317, 2333337
ഇമെയിൽ: tcoffice@keralamvd.gov.in

തീയതി : 09.11.2011

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ് — സീനിയർ സിറ്റിസൺസിനുള്ള ഇരിപ്പടങ്ങളുടെ ക്രമീകരണം — നിർദ്ദേശം നൽകുന്നത് — സംബന്ധിച്ച്

സൂചന:

1. സർക്കാരിന്റെ 18.10.2011 ലെ ജി.ഒ(പി) നമ്പർ 56/2011/ട്രാൻ നമ്പർ ഉത്തരവ്
2. ഈ ഓഫീസിൽ നിന്നുള്ള 24.10.2011 ലെ സി3/616/റ്റി.സി/2011 നമ്പർ പുറത്തെഴുത്ത്

ഓൺലൈൻ റിസർവേഷൻ സൗകര്യം ഉള്ള ബസ്സുകൾ ഒഴികെയുള്ള സംസ്ഥാനത്തെ മുഴുവൻ കെ.എസ്.ആർ.ടി.സി/സ്വകാര്യ ബസ്സുകളിലും സീനിയർ സിറ്റിസൺസിനുള്ള സീറ്റുകൾ സംവരണം ചെയ്തുകൊണ്ട് സൂചന പ്രകാരം സർക്കാർ പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം ഓർഡിനറി ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസുകൾ ഒഴികെയുള്ള ബസ്സുകളിൽ കണ്ടക്ടറും, ഡ്രൈവറും ഒഴികെയുള്ള മൊത്തം സീറ്റിന്റെ 5% വും ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി ബസ്സുകളിൽ 10% വും സീറ്റുകൾ ആണ് വയോജനങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ളത്. ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകളിൽ വയോജനങ്ങൾക്കുള്ള 10% സീറ്റുകളിൽ പകുതി സീറ്റുകൾ സ്ത്രീകളുടെ ഇരിപ്പടത്തിന് സമീപം ക്രമീകരിക്കണമെന്ന് മേൽ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്നുണ്ട്. ഇത്തരത്തിൽ സ്ത്രീകളായ സീനിയർ സിറ്റിസൺസിനായി സംവരണം ചെയ്യേണ്ട സീറ്റുകൾ സ്ത്രീകൾ ഇരിക്കുന്ന ഭാഗത്ത് ബസ്സിലെ ചവിട്ടുപടികൾക്ക് സമീപം സ്ത്രീകളായ വയോജനങ്ങൾക്ക് എളുപ്പത്തിൽ കയറുവാനും ഇറങ്ങുവാനും സൗകര്യപ്പെടാവുന്ന രീതിയിൽ ക്രമീകരിക്കുവാൻ എല്ലാ പ്രൈവറ്റ് /കെ.എസ്.ആർ.ടി.സി ഓപ്പറേറ്റർമാർക്കും നിർദ്ദേശം

നൽകേണ്ടതാണ്. മാത്രമല്ല മേൽപ്പറഞ്ഞ രീതിയിൽ എല്ലാ ബസ്സുകളിലും സീറ്റുകൾ മാർക്ക് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റ് നടത്തുമ്പോഴും വാഹനങ്ങൾ പരിശോധിക്കുമ്പോഴും ഇത്തരത്തിൽ സീറ്റുകൾ മാർക്ക് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ആണ്. ഇതിൽ വീഴ്ച വരുത്തുന്ന ബസ്സ് ഓപ്പറേറ്റർക്കെതിരെ കർശനനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സ്) (ഇൻ ചാർജ്ജ്)
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി

കെ എസ്

15/11/2011